NO TO DRUGS

**തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്രമം**

**(സാന്നിധ്യം. അജിതകുമാരി എ.കെ., പെൻ. 249643)**

വിഷയം:- പൊതുവിദ്യാഭ്യാസം -ജീവനക്കാര്യം - അന്തർ ജില്ലാസ്ഥലംമാറ്റം 2024-25 - എൽ പി എസ് ടി, യു പി എസ് ടി, പിഡി ടീച്ചർ അന്തിമസ്ഥലംമാറ്റം - ഉത്തരവാകുന്നു.

പരാമർശം:- 1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/12/2024, ലെ സർക്കുലർ നമ്പർ DGE/20836/2024-A1

2)പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28/01/2025 ലെ സർക്കുലർ നമ്പർ DGE/24296/2024-A1

3) അധ്യാപകരുടെ ഓൺലൈൻ മുഖേനയുള്ള അപേക്ഷകൾ

4) വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തിമ സീനിയോരിറ്റി പട്ടിക

5) 04/02/2025 ന് പ്രസിദ്ധീകരിച്ച താൽക്കാലിക സ്ഥലമാറ്റ ഉത്തരവ്.

6) ശ്രീമതി. ലതിക കെ.കെ. യുടെ 05/02/2025 ലെ അപേക്ഷ.

7) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/3/2025 ലെ കത്ത് നമ്പർ DGE/20836/2024-A1

**ഉത്തരവ് നമ്പർ DDETSR/10350/2024-A4 തീയതി : 28-03-2025**

ജില്ലയിലെ സർക്കാർ സ്കൂൾ അധ്യാപകരുടെ അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും അപേക്ഷകരുടെ സീനിയോറിറ്റി പരിഗണിച്ച് താത്ക്കാലിക സ്ഥലം മാറ്റ ഉത്തരവ് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി ഉത്തരവിലെ ക്രമനമ്പർ 2 ആയിട്ടുള്ള, നിലവിൽ ഇടുക്കി ജില്ലയിലെ Govt.High School Kallarkutty യിൽ ജോലിചെയ്യുന്ന ശ്രീമതി. LATHIKA KK (UPST) അപേക്ഷിച്ച സ്കൂളുകളിൽ ഒന്നും ഒഴിവ് നിലവിലുണ്ടായിരുന്നില്ലെങ്കിലും പാഞ്ഞാൾ ജി.എച്ച്.എസ്.എസ്. ലേക്ക് സ്ഥലം മാറ്റിയിരുന്നു. എന്നാൽ പാഞ്ഞാൾ ജി.എച്ച്.എസ്.എസ്. ലേക്ക് ടി അധ്യാപികക്ക് എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ളതിനാൽ സ്ഥലം മാറ്റത്തിൽ നിന്ന് ഒഴിവാക്കണമെന്ന് പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അപ്രകാരം, ടി അദ്ധ്യാപികയെ സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കുന്നതിനാൽ അടുത്ത സീനിയറായ പാലക്കാട്, ചാലിശ്ശേരി ജി. എസ്.എച്ച്.എസ്. ലെ യു.പി.എസ്.ടി., ശ്രീമതി. ലതിക എം.എ.ക്ക് കടവല്ലൂർ ജി. എച്ച്. എസ്. എസ്. ലേക്ക് സ്ഥലം മാറ്റത്തിന് അർഹത കാണുന്നു.

മേൽ സാഹചര്യത്തിൽ, 2024 ലെ അന്തർജില്ലാ സ്ഥലംമാറ്റം താഴെ പറയും പ്രകാരം അന്തിമമാക്കി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്,തസ്തിക,നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ,ജില്ല | സ്ഥലം മാറ്റം നൽകുന്ന സ്കൂൾ | റിമാർക് സ് |
|---|---|---|---|
| 1 | RASEENA T KHADER, P D TEACHER, GUPS BHEEMANAD, PALAKKAD | GLPS KUTTICHIRA | |
| 2 | LATHIKA M A, U P S T, G H S S Chalissery, Palakkad | GHSS KADAVALLUR | |

| | | | |
|---|---|---|---|
| 3 | ARUN TS, L P S T, G. L. P. S. Naduvattam, Malappuram | GLPS PERINGALKUTH | |
| 4 | MEENAKUMARI K S, L P S T, G. L. P. S. Mookkuthala, Malappuram | GMLPS CHEMMANNUR | PRIORITY(Widow/widower/divorcee without re marriage ) |

അന്തർജില്ലാ സ്ഥലംമാറ്റം നൽകപ്പെട്ടിട്ടുള്ള അധ്യാപകരുടെ സർവ്വീസ് സീനിയോരിറ്റി തൃശ്ശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തിയ്യതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. ജില്ലയിൽ, ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി അദ്ധ്യാപകൻ / അദ്ധ്യാപിക നിയമനം ലഭിക്കുന്ന തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകൻ / അദ്ധ്യാപികയെ വിടുതൽ ചെയ്യുന്നതിന് മുമ്പ് മേൽ സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന പ്രധാനാധ്യാപകൻ മേലൊപ്പ് ചാർത്തി സേവനപുസ്തകത്തിൽ പതിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതുമാണ്.

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ തൃശ്ശൂർ ജില്ലയിൽ നിരീക്ഷണകാലാവധി പൂർത്തിയാക്കേണ്ടതാണ്. തെറ്റായ വിവരത്തിൻ്റെ അടിസ്ഥാനത്തിലാണ് അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ചത് എന്ന് ബോദ്ധ്യപ്പെട്ടാൽ ഈ ഉത്തരവ് പുനഃ പരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും. ജില്ലാന്തര സ്ഥലംമാറ്റം നടത്തേണ്ട സാഹചര്യം ഉണ്ടായാൽ നിലവിലെ നിയമനം പുനപരിശോധിക്കുന്നതാണ്.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകർ ഉത്തരവ് കൈപ്പറ്റി 30/04/2025 നകം സ്ഥലംമാറ്റം ലഭിച്ച സ്ക്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി ഉത്തരവ് യാതൊരു മുന്നറിയിപ്പും ഇല്ലാതെ റദ്ദ് ചെയ്യുന്നതായിരിക്കും. സ്ഥലം മാറ്റം ലഭിച്ച അധ്യാപകരെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന തിയ്യതി യഥാസമയം ബന്ധപ്പെട്ട പ്രധാനാധ്യാപകൻ രേഖാമൂലം അറിയിക്കേണ്ടതാണ്. ഈ വിഭാഗത്തിൽ സംരക്ഷിതാധ്യാപകർ, ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവർ ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരെ മാതൃ സ്ക്കൂളിലേക്ക് വിടുതൽ ചെയ്യേണ്ടതും വിവരം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതുമാണ്.

Signed by
Ajithakumari Alappully Kunjhumon
Date: 28-03-2025 16:48:05

അജിതകുമാരി എ.കെ.
പെൻ. 24964
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂ

സ്വീകർത്താവ് :

1. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ
2.ബന്ധപ്പെട്ട ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
3 .ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ (ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖേന)
4. ബന്ധപ്പെട്ട അദ്ധ്യാപകർ (പ്രധാനാദ്ധ്യാപകർ മുഖേന)